# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4753** | **27-06-2014 ൽ മറുപടിയ്ക്ക്**

## നെല്ലിന്റെ ഉൽപ്പാദനക്ഷമത

**ചോദ്യം**

പ്രൊഫ.സി.രവീന്ദ്രനാഥ്

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

നെല്ലിന്റെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.
സോയിൽ ബെയ്‌സ്ഡ് ന്യൂട്രിയന്റ് മാനേജ്മെന്റ് പ്ലാൻ ഫോർ ദി അഗ്രോ ഇക്കോ സിസ്റ്റംസ് ഓഫ് കേരള എന്ന പദ്ധതിയനുസരിച്ച് നെൽപ്പാടങ്ങളിലെ മണ്ണ് സാമ്പിളുകൾ വിവിധ മണ്ണ് പരിശോധനാ ലാബുകളിൽ പരിശോധിക്കുകയും ആയതിന്റെ പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ (90% മണ്ണിനും അമ്ലത കൂടുതലാണ്) 600 കിലോഗ്രാം കുമ്മായം ഹെക്ടറൊന്നിന് ചേർത്ത് മണ്ണിന്റെ അമ്ലത കുറയ്ക്കുന്നതിനായി 2014-2015 വർഷം 66,500 ഹെക്ടർ പ്രദേശത്തേക്ക് ഹെക്ടറിന് 3000 രൂപ സബ്സിഡി നിരക്കിൽ 2000 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ കേരള ത്തിലെ മണ്ണിൽ കാൽസ്യം, മെഗ്നീഷ്യം എന്നീ ദ്വിതീയ മൂലകങ്ങളുടേയും, ബോറോൺ എന്ന സൂക്ഷ്മ മൂലകത്തിന്റേയും അഭാവം ഉള്ളതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇത് പരിഹരിക്കുന്നതിനായി നടപ്പ് വർഷം 300 ലക്ഷം രൂപയുടെ പദ്ധതി (സപ്പോർട്ട് ഫോർ സെക്കന്ററി ആന്റ് മൈക്രോന്യൂട്രിയന്റ് ആപ്ലിക്കേഷൻ) നടപ്പിലാക്കി വരുന്നു.

ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള മറ്റ് ഘടകങ്ങളായ അത്യുൽപ്പാദനശേഷിയുള്ള നെൽ വിത്തിനങ്ങൾ, യന്ത്രവൽക്കരണം, ജലസംരക്ഷണം, വിത്ത് പരിചരണം, തൈകൾ പറിച്ചുനടുമ്പോൾ ശരിയായ അകലത്തിലും, താഴ്ചയിലും നടുക, ജൈവവളം, രാസവളം എന്നിവ ശരിയായ അളവിൽ ശരിയായ സമയത്ത് നൽകുക, സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക ഇവയെല്ലാം തന്നെ ഗ്രൂപ്പടിസ്ഥാനത്തിൽ പാടശേഖര സമിതികൾ മുഖാന്തിരം 1,80,000 ഹെക്ടർ സ്ഥലത്ത് സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം നടപ്പിലാക്കി

വരുന്നു. ആയതിനായി 2700 ലക്ഷം രൂപ വകയിരുത്തി യിട്ടുണ്ട്. ഇത്തരം പദ്ധതികൾ ഗ്രൂപ്പടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങൾ ക്കുള്ള പ്രവർത്തന ചെലവിനത്തിൽ (ഹെക്ടറിന് 200 രൂപ നിരക്കിൽ) 302 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. വികസന ഏജൻസികൾ മുഖാന്തിരം നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്ന പ്രദേശ ങ്ങളിലേക്കായി 'വികസന ഏജൻസികൾക്കുള്ള ധനസഹായം ' പദ്ധതിയനുസരിച്ച് 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ